LIBRARY ARCHIVES Kerala Legislative Assembly

റോഡ് വികസനത്തിനുവേണ്ടി ലോക ബാങ്ക് നൽകിയ തുകയിലെ ക്രമക്കേടുകൾ

30 [582] ശ്രീ. എ. സുജനപാൽ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
,, ടി. യു. രാധാകൃഷ്ണൻ:
,, എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് വികസനത്തിനുവേണ്ടി കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് വഴി ലോക ബാങ്ക് നൽകിയ തുകയിൽനിന്ന് നടത്തിയ ചെലവുകളിൽ എന്തെങ്കിലും വിധത്തിലുള്ള തട്ടിപ്പുകൾ നടന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം നൽകുമോ; എന്ത് തുകയുടെ തട്ടിപ്പ് നടന്നതായാണ് കണ്ടെത്തിയിട്ടുള്ളത് എന്നും ഇതിന് ഉത്തരവാദികളാരാണ് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പദ്ധതി നടത്തിപ്പിൽ ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് പ്രോജക്ട് നവീകരണത്തിനായേറ്റെടുത്ത പദ്ധതിയിലെ വിയോജിപ്പ്

31 [583] ശ്രീ. എഴുകോൺ നാരായണൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
പ്രൊഫസർ എ. ഡി. മുസ്തഫ:
ശ്രീ. കെ. എ. ചന്ദ്രൻ:
,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് പ്രോജക്ട് നവീകരണത്തിനായി ഏറ്റെടുത്ത ഏതെങ്കിലും റോഡിന്റെ പണി സംബന്ധിച്ച് റോഡ്സ് ആന്റ് ബ്രിഡ്ജസ് അധികൃതർ വിയോജിപ്പ് പ്രകടിപ്പിച്ചിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം റോഡുകളുടെ കാര്യത്തിലാണ് വിയോജിപ്പ് പ്രകടിപ്പിച്ചതെന്ന് പറയുമോ;

(സി) എന്തടിസ്ഥാനത്തിലാണ് ഈ വിയോജിപ്പ് പ്രകടിപ്പിച്ചത്;

(ഡി) ഈ പദ്ധതിയിൻകീഴിൽ തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിലേറ്റെടുത്ത ഏതെല്ലാം റോഡുകൾ അറ്റകുറ്റപ്പണിയോ നവീകരണമോ ആവശ്യമില്ലാത്തവയായിരുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—സി) വിയോജിപ്പ് പ്രകടിപ്പിച്ചിരുന്നില്ല. എന്നാൽ കെ.എസ്.ടി.പി.-യിൽപ്പെട്ട പെർഫോർമൻസ് ബേസ്ഡ് മാനേജ്മെന്റ് ആന്റ് മെയിന്റനൻസ് സ്കീമിൽ (PBMMS) ഉൾപ്പെടുത്തിയ റോഡുകളിൽ ടെക്നിക്കൽ പരിശോധനയും അനുമതിയും തേടാതിരുന്നത് സംബന്ധിച്ച് ചീഫ് എഞ്ചിനീയർ (റോഡുകളും പാലങ്ങളും) വിയോജിപ്പ് പ്രകടിപ്പിച്ചിരുന്നു. വിയോജിപ്പ് പ്രകടിപ്പിച്ച റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) ഈ ജില്ലകളിൽ ഏറ്റെടുത്തിരുന്ന റോഡുകൾ അറ്റകുറ്റപ്പണിയും നവീകരണവും ആവശ്യമായവയായിരുന്നു.

വിദേശ സഹായത്തോടെ നടപ്പിലാക്കുന്ന റോഡ് വികസന പദ്ധതി

32 [584] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദേശ സഹായത്തോടെ നടപ്പിലാക്കുന്ന റോഡ് വികസന പദ്ധതി നിർത്തിവയ്ക്കാനുണ്ടായ സാഹചര്യം എന്തെന്ന് വിശദീകരിക്കുമോ;

(ബി) കെ.എസ്.ടി.പി.-യിൽ എത്ര കോടി രൂപയുടെ പദ്ധതി വികസനമാണ് വിഭാവന ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കിവരുന്ന റോഡ് വികസന പദ്ധതി (കെ.എസ്.ടി.പി.) പണികൾ നിർത്തിവച്ചിട്ടില്ല. ഈ പദ്ധതിയുടെ ഭാഗമായ പെർഫോർമൻസ് ബേസ്ഡ് മെയിന്റനൻസ് & മാനേജ്മെന്റ് പദ്ധതി (പി. ബി. എം. എം. എസ്.)-യിൽ ഉൾപ്പെടുത്തുന്നതിനുള്ള റോഡുകൾ തെരഞ്ഞെടുക്കുന്ന നടപടികൾ ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരുന്നു. സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കോടതി സ്റ്റേ നീക്കുകയും കേസ് തള്ളുകയും ചെയ്തിട്ടുണ്ട്.

(ബി) 1600 കോടി രൂപയുടെ വികസനമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

റോഡുവികസനപദ്ധതിയുടെ നടപടികൾ സ്റ്റേ ചെയ്തതിനുള്ള കാരണം

33 [585] ശ്രീ. പി. എസ്. സുപാൽ:
,, എൻ. രാജൻ:
,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന റോഡ് വികസന പദ്ധതിയുടെ തുടർനടപടികൾ സ്റ്റേ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ സ്റ്റേ ചെയ്തുകൊണ്ട് കോടതി ചൂണ്ടിക്കാണിച്ച കാര്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly